പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3871

25.6.2013 ൽ
മറുപടിയ്ക്ക്

## പുറക്കാട് ഐ.ടി. പാർക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| എ) അമ്പലപ്പുഴ മണ്ഡലത്തിൽ പുറക്കാട് കേന്ദ്രമാക്കി ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ; | എ) അമ്പലപ്പുഴയിലെ പുറക്കാട് വില്ലേജിലെ ഗാന്ധിസ്മൃതി വനത്തിൽപ്പെടുന്ന 100 ഏക്കർ സ്ഥലത്ത് തുടങ്ങാനുദ്ദേശിച്ചിരുന്ന ഐ.ടി. പാർക്ക് ബയോഡൈവേഴ്സിറ്റി ബോർഡ് ചില പാരിസ്ഥിതിക പ്രശ്നങ്ങൾ ഉന്നയിച്ചത് കാരണം തുടങ്ങാനായിട്ടില്ല. |
| ബി) പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ; വ്യക്തമാക്കുമോ ;<br>സി) പ്രസ്തുത ഐ.ടി. പാർക്ക് തോട്ടപ്പള്ളിയിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി)യും (സി)യും<br>തോട്ടപ്പള്ളിയിൽ അമ്പലപ്പുഴ താലൂക്കിലെ പുറക്കാട് വില്ലേജിൽ ഏകദേശം 50 ഏക്കർ സ്ഥലത്തേക്ക് ഐ.ടി. പാർക്ക് ഗാന്ധിസ്മൃതി വനത്തിൽപ്പെടുന്ന സ്ഥലത്ത് നിന്നും മാറ്റി സ്ഥാപിക്കാൻ ഉത്തരവായിട്ടുണ്ടായിരുന്നുവെങ്കിലും പദ്ധതി നടപ്പിലായില്ല. തോട്ടപ്പള്ളിയിൽ പുതുതായി നിർദ്ദേശിക്കപ്പെട്ട 50 ഏക്കർ സ്ഥലം ദേശീയപാതയോട് ചേർന്ന് കിടക്കുന്നതിനാൽ സ്ഥലം ഏറ്റെടുക്കുമ്പോൾ ഭീമമായ തുക നഷ്ടപരിഹാരമായി നൽകേണ്ടതായി വരും. ഇത് ഐ.ടി. പാർക്ക് യാഥാർത്ഥ്യമാവുമ്പോൾ കമ്പനികൾക്ക് മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് വലിയ തുക പാട്ടക്കൂലി ഇനത്തിൽ നൽകേണ്ടതായും വരും. അതിനാൽ വിവിധ Co- developers/IT Companies ഇവിടെ സ്ഥലം ആവശ്യപ്പെട്ട് മുന്നോട്ടുവരാനുള്ള സാധ്യത കുറവാണ്. |
| ഡി) പ്രസ്തുത ഐ.ടി. പാർക്ക് യാഥാർത്ഥ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ